# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.981** **10.06.2019 ലെ മറുപടി**

## മുണ്ടോർശ്ശിക്കടവ് തടയണ നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ഉണ്ണി : | | കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ശ്രീകൃഷ്ണപുരം, വെള്ളിനേഴി, പൂക്കോട്ടുകാവ്, കടമ്പഴിപ്പുറം എന്നീ പഞ്ചായത്ത് കുടിവെള്ള വിതരണ പദ്ധതികൾക്ക് ജലം സംഭരിക്കുന്നതിനായുള്ള മുണ്ടോർശ്ശിക്കടവ് തടയണ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം,വേള്ളിനേഴി, പൂക്കോട്ടുകാവ്, കടമ്പഴിപ്പുറം എന്നീ പഞ്ചായത്തുകൾക്കുള്ള കുടിവെള്ള വിതരണ പദ്ധതിയുടെ സ്രോതസ്സായ തൂതപ്പുഴയിൽ ഒരു സ് ഥിരം തടയണ മുണ്ടോർശ്ശിക്കടവ് എന്ന സ്ഥലത്ത് നിർമ്മിക്കുന്നതിന്റെ ഭാഗമായി മണ്ണ് പരിശോധനക്ക് തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിനെ ഏർപ്പെടുത്തുകയും അവർ മണ്ണ് പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. തടയണയുടെ ഡിസൈനും ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും തയ്യാറാക്കുന്നതിന് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെ ആണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (ബി) | കരിമ്പുഴയിൽ ശ്രീകൃഷ്ണപുരം പഞ്ചായത്തതിർത്തിയിലുള്ള മുണ്ടോർശ്ശിക്കടവിൽ ഒരു സ്ഥിരം തടയണ നിർമ്മിക്കുന്നതിനായി ജലവിഭവ വകുപ്പിന്റെ സ്ഥാപനമായ കെ.ഐ.ഐ. ഡി.സി നടത്തിയ ഇൻവെസ്റ്റിഗേഷൻ പ്രകാരം പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കോപ്പി ലഭ്യമാക്കാമോ; വിശദാംശം നൽകാമോ? | (ബി) | തടയണ നിർമ്മിക്കാൻ രൂപകല്പന തയ്യാറാക്കുന്നതിന് വേണ്ടി ഐ.ഡി.ആർ ബി. ചീഫ് എഞ്ചിനീയറെ സമീപിച്ചപ്പോൾ തയ്യാറാക്കാൻ സമ്മതമാണെന്നും ആയതിന് മണ്ണ് പരിശോധന റിപ്പോർട്ട് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടു. മണ്ണ് പരിശോധിക്കുവാൻ വേണ്ടി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന്റെ കീഴിലുള്ള Centre for continuing educationനെ ചുമതലപ്പെടുത്തി. അതിൻ പ്രകാരം മണ്ണ് പരിശോധന റിപ്പോർട്ട് അവർ കെ.ഐ.ഐ.ഡി.സി. യിൽ സമർപ്പിക്കുകയും അത് വാട്ടർ അതോറി റ്റിയ്ക്ക് നല്കുകയും ചെയ്തിട്ടുള്ളതാകുന്നു. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**